**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1643** **08-10-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റാൻ കഴിയും വിധം ഈ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് നേടിയ മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അളക്കുന്ന ആഗോള സർവ്വകലാശാലാ റേറ്റിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ബഹുദൂരം മുന്നിലേയ്ക്ക് നയിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ട തായിട്ടുണ്ട്. അതുപോലെ തന്നെ, പഠന ഗവേഷണത്തോടുള്ള സമീപനത്തിലും അടിമുടി മാറ്റം വേണം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, താഴെപ്പറയുന്ന ആറ് സുപ്രധാന നടപടികൾ കേരള ബഡ്ജറ്റ് 2021-22 മുന്നോട്ടുവെച്ചിട്ടുണ്ട്. 1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ, 2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അധ്യാപകരുടെ നിയമനം, 3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ, 4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ, 5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം, 6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികളും പ്രോഗ്രാമുകളും ചുവടെ ചേർക്കുന്നു. 1) കരിക്കുലം പരിഷ്കരണം 2) ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളും (GA) 3) ക്രോസ് - ഡിസ്പ്ളിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020) 4) സാക്ക് (SAAC – State |

| | | | |
|---|---|---|---|
| | | | Assessment & Accreditation Centre) 5) ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ (FDC) 6. കൈരളി ഗവേഷണ പുരസ്കാരങ്ങൾ 7. ചാൻസിലേഴ്സ് അവാർഡ് 8. എറുഡൈറ്റ് പദ്ധതി 9. ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ 10. കാൾ നെറ്റ് 11. സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E Journal Consortium) 12. കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം |
| (ബി) | ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ; | (ബി) | സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് നേടിയ മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അളക്കുന്ന ആഗോള സർവ്വകലാശാലാ റേറ്റിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ബഹുദൂരം മുന്നിലേയ്ക്ക് നയിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ട തായിട്ടുണ്ട്. അതുപോലെ തന്നെ, പഠന ഗവേഷണത്തോടുള്ള സമീപനത്തിലും അടിമുടി മാറ്റം വേണം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, താഴെപ്പറയുന്ന ആറ് സുപ്രധാന നടപടികൾ കേരള ബഡ്ജറ്റ് 2021-22 മുന്നോട്ടുവെച്ചിട്ടുണ്ട്. 1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ, 2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അധ്യാപകരുടെ നിയമനം, 3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ, 4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ, 5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം, 6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികളും പ്രോഗ്രാമുകളും ചുവടെ ചേർക്കുന്നു. 1) കരിക്കുലം പരിഷ്കരണം 2) ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളും (GA) 3) ക്രോസ് - ഡിസ്പ്ളിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020) 4) സാക്ക് (SAAC – State Assessment & Accreditation Centre) 5) ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ (FDC) 6. കൈരളി ഗവേഷണ പുരസ്കാരങ്ങൾ 7. ചാൻസിലേഴ്സ് |

| | | | |
|---|---|---|---|
| | | | അവാർഡ് 8. എറുഡൈറ്റ് പദ്ധതി 9. ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ 10. കാൾ നെറ്റ് 11. സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E Journal Consortium) 12. കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം |
| (സി) | വിദ്യാർത്ഥികൾക്ക് തൊഴിലിനൊപ്പം പഠനം നിർവ്വഹിക്കാൻ കഴിയും വിധം പാഠ്യപദ്ധതികളിൽ മാറ്റം വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി "EARN WHILE LEARN” എന്ന പദ്ധതി കേരളത്തിലെ സർക്കാർ കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതും ഗവേഷണ, വ്യവസായ സ്ഥാപ നങ്ങളുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്നതുമായ തരത്തിൽ കോഴ്സുകളിൽ മാറ്റം വരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർവ്വകലാ ശാലകൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ